Website: www.kwa.kerala.gov.in
Mobile/ Whatsapp: +919495998258

Tel. 0471-2738300
Consumer Helpline Number
1916 [24X7] [Toll Free]
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. KWA/HO/RMC/R1/301/2023 തീയതി: 14-07-2024

**സർക്കുലർ**

വിഷയം: കെ.ഡബ്ല്യൂഎ. - ആർ.എം.സി. - കുടുംബശ്രീ മീറ്റർ റീഡർമാർക്ക് താത്കാലിക ഐഡൻറിറ്റി കാർഡ് നൽകുന്നത് സംബന്ധിച്ച്.

സൂചന : കുടുംബശ്രീ ഡയറക്ടറും കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറും ചേർന്ന് 18-06-2008-ന് ഒപ്പ് വച്ച ധാരണാപത്രം.

സൂചനയിലെ ധാരണ പത്രത്തിൽ "മീറ്റർ റീഡിങ്ങിന് കുടുംബശ്രീ മുഖേന നിയോഗിക്കപ്പെടുന്ന വ്യക്തികൾക്ക് അവരുടെ നിശ്ചിത ജോലികൾ ചെയ്യുന്നതിനുള്ള സാഹചര്യവും പിന്തുണയും വാട്ടർ അതോറിറ്റി ഉറപ്പുവരുത്തുന്നതാണ്" എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ കുടുംബശ്രീയിൽ നിന്നും നിയോഗിക്കപ്പെടുന്ന എല്ലാ മീറ്റർ റീഡർമാർക്കും 'താൽക്കാലികം' എന്ന് രേഖപ്പെടുത്തിയ ഐഡൻറിറ്റി കാർഡ് നൽകേണ്ടതാണ്.

വാട്ടർ അതോറിറ്റിയിൽ താത്കാലികമായി നിയമിക്കുന്ന മറ്റ് ഫീൽഡ് ജീവനക്കാർക്കും ഇതോടൊപ്പം നൽകിയിട്ടുള്ള മാതൃകയിൽ താത്കാലിക ഐഡൻറിറ്റി കാർഡ് നൽകേണ്ട ചുമതല ബന്ധപ്പെട്ട അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. താത്കാലികമായി നൽകുന്ന ഐഡൻറിറ്റി കാർഡിൽ സ്ഥിരം ജീവനക്കാർ അല്ല എന്നും, ഏതെങ്കിലും സാഹചര്യത്തിൽ ജോലി സ്ഥിരപ്പെടുത്തുന്നതുള്ള ഡോക്യുമെന്റായി പ്രസ്തുത ഐ.ഡി. കാർഡ് കണക്കാക്കുകയില്ല എന്നും, ജോലിയിൽ നിയോഗിക്കപ്പെടുന്ന രീതിയും (കുടുംബശ്രീ മറ്റു രീതികൾ), ജോലിയിൽ നിയോഗിക്കപ്പെട്ട കാലാവധിയും ഉൾപ്പെടുത്തേണ്ടതാണ്.

കരാർ ജീവനക്കാർക്ക് നൽകുന്ന താത്കാലിക ഐഡൻറിറ്റി കാർഡ് ഡ്യൂട്ടി സേവന കാലാവധി പൂർത്തിയായി വിടുതൽ ചെയ്യുമ്പോൾ അതാത് അസിസ്റ്റന്റ് എഞ്ചിനീയർമാർ സെക്ഷൻ ഓഫീസിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Saiju Purushothaman
Date: 14-07-2024 17:59:09

SAIJU PURUSHOTHAMAN

DyCE (HRD & GL)

പകർപ്പ്: 1. എല്ലാ എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്കും
2. എല്ലാ റെവന്യൂ ഓഫീസർമാർക്കും
3. എല്ലാ അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർമാർക്കും
4. എല്ലാ അസിസ്റ്റൻറ് എഞ്ചിനീയർമാർക്കും

ഉള്ളടക്കം: താത്കാലിക ഐ.ഡി. മാതൃക

**Identity card Format**

| Front view | Back view |
|---|---|
| EMBLEM<br>**KERALA WATER**<br>**AUTHORITY**<br>Photo<br><br><br>Name of staff<br>Kudumbasree/HR Meter<br>Reader<br>(Temporary staff)<br>Issuing Authority | Residential Address:<br>................<br>................<br>.................<br>Mob No..............<br>DOB ................<br>Blood Group......<br>Adhar No..........<br><br>Employee Signature<br><br>To be returned to Ass.Exe.Engineer on termination of contract.<br><br>Period of contract From ..... To....... |